(Pages : 4) **T – 5240**

**Reg. No. : .............................**

**Name : .................................**

**First Semester B.A. Degree Examination, May 2024**

**First Degree Programme under CBCSS**

**Double Main Programme**

**English and Malayalam Literatures**

**Core Course – I**

**EML 1141 : ആധുനികകവിത**

**(2020 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരം എഴുതുക.

1. മാമ്പഴക്കാലം എന്ന കവിത എഴുതിയതാര് ?

2. അവിശ്രമം പായുന്ന അശ്വമായി കവി കൽപ്പിച്ചിരിക്കുന്നതെന്തിനെയാണ് ?

3. 'പാവനൻ സുരഭി വായുവന്നുക-
ണ്ടാവഴിക്കുപദമൂന്നിനാനവൻ' - ആര്?

4. ഉള്ളൂർ എഴുതിയ മഹാകാവ്യം.

5. 'ഇങ്ങനെ സംസാര നാടകമാടിനാ
നങ്ങവൻവാരുണരംഗത്തിങ്കൽ' - സംസാരനാടകമാടിയതാര്?

6. ഇടപ്പള്ളി രാഘവൻപിള്ളയുടെ വിയോഗത്തെ പശ്ചാത്തലമാക്കി ചങ്ങമ്പുഴ എഴുതിയ കവിത യേത് ?

P.T.O.

7. ദീർഘദർശനം ചെയ്യും
ദൈവജ്ഞരല്ലോ നിങ്ങൾ' - കവി ആരെയാണ് 'ദൈവജ്ഞർ' എന്ന് വിശേഷിപ്പിച്ചത്?

8. എൻ.എൻ. കക്കാടിന്റെ ഏതു കൃതിക്കാണ് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചത്?

9. 'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾകശക്തിയിലേക്കുനമ്മൾ' - ഈ വരികൾ എഴുതിയതാര്?

10. തച്ചന്റെ മകൾ എന്ന കവിത എഴുതിയതാര്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'കൊടുംകാട്ടിലെ
പർണകുടീരത്തിലും സ്വച്ഛശാന്തമായ്
പണ്ടുറങ്ങീലയോ
ഭൂമിതൻനന്ദിനി' - സന്ദർഭം എഴുതി സൂചിതം വ്യക്തമാക്കുക.

12. 'അഴകുമാരോഗ്യവും സ്വസ്ഥതയു-
മവിടത്തിൽ മൊട്ടിട്ടു നിന്നിരുന്നു' - കവി വർണ്ണിക്കുന്ന പ്രദേശത്തിന്റെ പ്രത്യേകതകൾ എഴുതുക.

13. 'ചാലത്തണഞ്ഞു പകവിട്ടു ഫണാകലാപ
ജാലംവിരിച്ചുരഗകേകികളാടിടുന്നു' - സന്ദർഭവും ആശയവും എഴുതുക.

14. 'വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടി
വെള്ളിയലുക്കുകളെന്നപോലെ' - സന്ദർഭവും ചമൽക്കാരഭംഗിയും എഴുതുക.

15. 'പൈതലിൻഭാവം മാറി
വദനാംബുജംവാടി
കൈതവം കാണാക്കണ്ണു
കണ്ണുനീർത്തടാകമായ്'
- സന്ദർഭമെഴുതുക.

16. 'നീരവ നീലാകാശമേഖലകളിൽ, നാളെ
താരകേ, നിന്നെക്കൊണ്ടുനർത്തനം ചെയ്യിക്കുംഞാൻ'
- ഈ വരികളിൽ പ്രകടമാകുന്ന ഇച്ഛാശക്തിക്കുള്ള അടിസ്ഥാനമെന്ത്?

17. 'എന്റെ കുട്ടികൾക്കു
ചിലപ്പോൾ എണ്ണമറ്റ
പലഹാരങ്ങൾ നിർമ്മിക്കുന്ന
ഒരു യന്ത്രമാണ് ഞാൻ' - ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

18. 'ഇതിലും വലിയതാണെന്റെപൊന്നോമന
അതിനെത്തരികെന്റെ പൂതമേ നീ' - സന്ദർഭവും ആശയവും എഴുതുക.

19. 'കാറ്റിന്റെ ഉറവകളും വറ്റിയിരിക്കുന്നു
മരങ്ങൾ അനങ്ങുന്നില്ല' - ഈ അവസ്ഥയ്ക്കുള്ള കാരണമെന്ത്?

20. 'വാനിൽ നിന്നു നിജനീഡമാർന്നെഴും
കാനനംഖഗയുവാവു പോലവേ' - ആരെക്കുറിച്ചാണീ പരാമർശം? സന്ദർഭമേത്?

21. ഉത്തരാധുനിക മലയാള കവിത - കുറിപ്പെഴുതുക.

22. 'വഴിവെട്ടാൻ പോയവരെല്ലാം
മുടിയും തലയോട്ടിയുമായി'
- കാരണമെന്ത്? വിശദമാക്കുക.

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'ധ്വസ്തഭുവനമാം ദൗഷ്ട്യമേ നിൻതല
എത്രപരത്തിയുയർത്തിയാലും
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽപോരുമേ
ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ'
- സന്ദർഭവും ആശയവും വിശദമാക്കുക.

24. മാതൃസ്നേഹത്തിന്റെ ശ്രേഷ്ഠത പൂതപ്പാട്ട് എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

25. 'മഴയും സന്ധ്യയും നിലാവും കാണാത്തോർ
ഇളയ കുഞ്ഞിന്റെ ചിരി കാണാത്തവർ
ഒരു കിളിത്തൂവൽത്തുടുപ്പറിയാത്തോർ
ഇവരെയെമ്മട്ടിൽ കടൽ കാണിക്കേണ്ടൂ' - കവിയുടെ ഈ ആശങ്കയ്ക്കുള്ള അടിസ്ഥാനമെന്ത്? വിശദമാക്കുക.

26. മലയാളകവിതയിലെ ആധുനികതയുടെ സവിശേഷതകൾ വിലയിരുത്തുക.

27. അടിയന്തരാവസ്ഥയുടെ ഭീകരതയും അസ്വാതന്ത്ര്യവും ആവിഷ്ക്കരിക്കുന്ന കവിതയാണോ നാവുമരം? വിശദമാക്കുക.

28. 'പട്ടാമ്പിപ്പുഴ മണലിൽ' എന്ന കവിതയിലൂടെ ആവിഷ്ക്കരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

29. 'ജന്തുവിന്നു തുടരുന്നുവാസനാ
ബന്ധമിങ്ങുടലുവീഴുവോളവും' - സന്ദർഭവും ആശയവുമെഴുതുക.

30. 'മുകളിൽമിന്നുന്ന താരമേ ചൊൽകനീ-
യകലെയെങ്ങാനും പ്രഭാതമുണ്ടോ?' - കവി ഇങ്ങനെ ആശങ്കപ്പെടാൻ ഉള്ള കാരണങ്ങൾ എന്തൊക്കെ?

31. മഹാകാവ്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാളകവിതയെ പൗരാണികതയിൽ നിന്ന് ആധുനികതയുടെ മാനവികതലത്തിലേക്ക് ഉയർത്തുന്നതിൽ ആധുനിക കവിത്രയത്തിനുള്ള പങ്കെന്ത്? വിശദമാക്കുക.

33. 'കാല്പനികതയുടെ വൈയക്തിക ഭാവങ്ങൾക്കപ്പുറം സാമൂഹികതയുടെയും പരിവർത്തനത്തിന്റെയും പ്രതിധ്വനികളാണ് ചങ്ങമ്പുഴയുടെയും വയലാറിന്റെയും കവിതകളുടെ അന്തർധാര' - ചർച്ച ചെയ്യുക.

34. 'പുരുഷ കാമനകളുടെയും ആജ്ഞകളുടെയും പേടിപ്പെടുത്തുന്ന താളത്തിൽ ഉടലും ഉയിരും സങ്കല്പവും ക്രമീകരിക്കേണ്ടിവരുന്ന സ്ത്രീ ജീവിതങ്ങളെ ആവിഷ്ക്കരിക്കുന്ന കവിതകളാണ് 'മൃഗശിക്ഷകൻ', 'പ്രതിഷ്ഠ' എന്നിവ - ഈ അഭിപ്രായത്തെ വിലയിരുത്തുക.

35. ശാന്ത എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**(2 × 15 = 30 Marks)**